## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4154** **16-12-2014 ലെ മറുപടിയ്ക്ക്**

### സമ്മാന തുക ലഭിക്കാത്തവരുടെ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. കെ.കെ. ലതിക** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** കർണ്ണാടക സ്വദേശിയും കോഴിക്കോട് കാവിലുംപാറയിൽ ജോലിചെയ്തുവരുന്ന യാളുമായ ശ്രീ. ഹമീദ് എന്നയാൾ കേരള ലോട്ടറിയുടെ സമ്മാനാർഹൻ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | **എ)** സമ്മാനാർഹനായിട്ടുണ്ട്. |
| **ബി)** പ്രസ്തുത ആൾക്ക് സമ്മാനത്തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | **ബി)** സമ്മാനത്തുക നൽകിയിട്ടില്ല. അന്യ സംസ്ഥാനത്തു നിന്നുള്ള ക്ലെയിം ആയതിനാൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത ക്ലെയിം ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് നൽകിയിരുന്നതിനാലാണ് സമ്മാനത്തുക നൽകാതിരുന്നത്. |
| **സി)** ടിയാൻ സർക്കാരിനെ എതിർകക്ഷിയാക്കി കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോയെന്നും കേസിൽ അന്തിമ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;<br><br>**ഡി)** അന്തിമ വിധി പ്രകാരം ടിയാന് സമ്മാന തുക നൽകുവാൻ കോടതിവിധി വന്നിട്ടുണ്ടോ എന്നും അപ്രകാരം സമ്മാന തുക നൽകിയിട്ടുണ്ടോ എന്നും സമ്മാന ത്തുക നൽകിയിട്ടില്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ ? | **സി) & ഡി)** കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. അപ്പീൽ തള്ളി വിധി വന്നിട്ടുണ്ടെങ്കിലും സമ്മാനത്തുക നൽകിയിട്ടില്ല. കോടതി വിധി സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.